**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3068** **25-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിലെ മരാമത്തുപണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി-ഒലിപ്പുഴ റോഡിൽ ജീർണ്ണാവസ്ഥയിലായ നെല്ലിക്കുത്ത് പാലം പുനരുദ്ധാരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | നെല്ലിക്കുത്ത് പാലത്തിന്റെ സംരക്ഷണ ഭിത്തി കെട്ടുന്നതിനും പുനരുദ്ധാരണ പ്രവൃത്തികൾക്കുമായി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണ് പര്യവേഷണ പ്രവൃത്തികൾ നടത്തി രൂപകൽപന ലഭിച്ചതിനെത്തുടർന്ന് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മഞ്ചേരി-ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ ബി.എം. &ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പാണ്ടിക്കാട് മുതൽ ഓലിപ്പുഴ വരെയുള്ള റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയുള്ള ഭാഗം (കി.മി. 13/300 മുതൽ 16/200 വരെ) ബി.എം.& ബി.സി. പ്രവൃത്തികൾ നടത്തിയിട്ട് 10 വർഷത്തിൽ ഏറെയായി. നിലവിൽ ഈ ഭാഗത്തേക്ക് സ്ലിപ്പ്ഡ് ബി.ടിയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രയിനേജ് അനുബന്ധ പ്രവൃത്തികൾക്കുമായി 50 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയുമാണ്. ഈ ഭാഗത്ത് ബി.എം.& ബിസി ചെയ്യുന്നതിനായി 230ലക്ഷം രൂപയുടെ വർക്ക് പ്രൊപ്പോസൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് പ്രവ്യത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഇതേ റോഡിന്റെ തുടർച്ചയായ പെരിമ്പിലാവ് -നിലമ്പൂർ SH-ൽ ഉൾപ്പെട്ട ഒലിപ്പുഴ പാലം മുതൽ കിഴക്കേ പാണ്ടിക്കാട് ഉൾപ്പെടുന്ന 1300 മീറ്റർ ഭാഗം ഉൾപ്പെടുത്തി ബി.എം.& ബി.സി റിന്യൂവൽ പ്രവൃത്തിക്കുവേണ്ടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | പാണ്ടിക്കാട് റസ്റ്റ് ഹൗസ് പുതുക്കി പണിയുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | (സി) | പാണ്ടിക്കാട് റസ്റ്റ് ഹൗസ് നവീകരണ ആവശ്യത്തിലേക്ക് ബഡ്ജറ്റിൽ 100 രൂപ ടോക്കൺ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരി ഗവണ്മെന്റ് പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് ഡി.പി.ആർ. സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ